ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിന്റെ ഇരുസഭകളിലും പുനരാരംഭിച്ചു. CII യുടെ ബജറ്റാനന്തര സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അഭിസംബോധന ചെയ്യും.**

**The discussions on Union Budget 2024-25 resumes in both the House of Parliament. PM to address inaugural session of CII post Budget conference tomorrow.**

2). **കേന്ദ്ര സർക്കാരിന്റെ നയപരമായ ഇടപെടലുകൾ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 3.2 ശതമാനമായി കുറച്ചതായി കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ.**

**Due to policy interventions of the present government the unemployment rate has reduced to 3.2 percent in the country said Labour and Employment Minister Dr Mansukh Mandaviya.**

3). **സുസ്ഥിരത, സുരക്ഷ, വികസനം തുടങ്ങിയവയ്ക്ക് വിശ്വസ്ത പങ്കാളിത്തവും അന്താരാഷ്ട്ര സഹകരണവും അനിവാര്യമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.**

**External Affairs Minister Dr S Jaishankar has said there is a need of trusted partners and international cooperation in maintaining stability, security, progress and prosperity, .**

4). **പാരീസ് ഒളിമ്പിക്സിൽ മെഡൽ കുതിപ്പ് തുടരാൻ ഇന്ത്യൻ താരങ്ങൾ. ഷൂട്ടിങ്ങിൽ മെഡൽ പ്രതീക്ഷ നൽകി അർജുൻ ബബൂതയും രമിത ജിൻഡാലും.**

**In Paris Olympics, Indian athletes continue their race for medals.**
**In shooting, Arjun Babuta and Ramita Jindal to play finals in different events today.**

5). വംശനാശം സംഭവിക്കുന്ന കടുവകളുടെ സംരക്ഷണത്തെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഇന്ന് അന്താരാഷ്ട്ര കടുവ ദിനം.

International Tiger Day is celebrated across the world today to raise awareness about the conservation of endangered tigers.

6). കേരളത്തിൽ വ്യാപക മഴ തുടരുന്നു. തിരുവനന്തപുരം, പാലക്കാട് ഒഴികെയുള്ള 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

In Kerala, heavy rain continues 12 districts except Thiruvananthapuram and Palakkad are under yellow alert.

==================================

## PARLIAMENT

നടപ്പു സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്ന് പുനരാരംഭിച്ചു. ഈ മാസം 23 -ന് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച ബജറ്റിന് ഭരണ-പ്രതിപക്ഷ അംഗങ്ങളിൽ നിന്ന് സമ്മിശ്ര പ്രതികരണങ്ങളാണ് ഉണ്ടായത്.

==================================

## PM BUDGET

CII യുടെ ബജറ്റാനന്തര സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അഭിസംബോധന ചെയ്യും.ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിലാണ്, 'വികസിത ഭാരതത്തിലേക്കുള്ള യാത്ര' എന്ന പേരിൽ സമ്മേളനം നടക്കുക. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി ആണ് സമ്മേളനം സംഘടിപ്പിക്കുന്നത്. രാഷ്ട്ര വികസനത്തിൽ വ്യവസായ രംഗത്തിൻറെ പങ്ക് സംബന്ധിച്ച കേന്ദ്രസർക്കാരിൻറെ കാഴ്ചപ്പാടുകൾ പരിപാടിയിൽ അവതരിപ്പിക്കും. ആയിരത്തോളം പേർ പങ്കെടുക്കും.

==================================

## LS-EMPLOYMENT

കേന്ദ്ര സർക്കാരിന്റെ നയപരമായ ഇടപെടലുകൾ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 3.2 ശതമാനമായി കുറച്ചിട്ടുണ്ടെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ. രാജ്യത്ത് തൊഴിലവസരങ്ങൾക്ക് ക്ഷാമമില്ലെന്നും അദ്ദേഹം പറഞ്ഞു. വരും വർഷങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് 3 ശതമാനത്തിൽ താഴെയാകുമെന്ന് മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. ലോക്സഭയിലെ ചോദ്യോത്തര വേളയിൽ മറുപടി പറയുകയായിരുന്നു ശ്രീ മാണ്ഡവ്യ. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നാല് കോടിയിലധികം യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്ര ബജറ്റിനെ അഭിനന്ദിച്ച് കൊണ്ട് അദ്ദേഹം വ്യക്തമാക്കി.

==================================

## QUAD MEETING

സുസ്ഥിരത, സുരക്ഷ, വികസനം, അഭിവൃദ്ധി തുടങ്ങിയവയ്ക്ക് വിശ്വസ്ത പങ്കാളിത്തവും അന്താരാഷ്ട്ര സഹകരണവും ആവശ്യമാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. ടോക്കിയോയിൽ ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള സാമ്പത്തിക പുരോഗതി ഉറപ്പാക്കുന്നതാണ് ഏറ്റവും വലിയ പ്രതിസന്ധിയെന്ന് ശ്രീ എസ് ജയ്ശങ്കർ പറഞ്ഞു. വിശ്വസനീയവും സുതാര്യവുമായ ഡിജിറ്റൽ പങ്കാളിത്തത്തിന് പ്രത്യേക ശ്രദ്ധ നൽകണം. ഇൻഡോ-പസഫിക് മേഖല സ്വതന്ത്രവും സുസ്ഥിരവും സുരക്ഷിതവും സമൃദ്ധവുമായി തുടരുന്നുവെന്ന് ഉറപ്പാക്കാൻ ക്വാഡ് കൂട്ടായ്മയുടെ സഹകരണത്തിലൂടെ മാത്രമേ സാധിക്കുവെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.

==================================

## OLYMPICS

പാരീസ് ഒളിമ്പിക്സിൻറെ മൂന്നാം ദിനം മെഡൽ പ്രതീക്ഷയുമായി ഇന്ത്യ താരങ്ങൾ കളത്തിലിറങ്ങും. ഷൂട്ടിങ്ങിൽ 10 മീറ്റർ എയർപിസ്റ്റൾ മിക്സഡ് ടീമിൻറെ യോഗ്യതാ റൗണ്ടിൽ സരബ് ജ്യോത് - മനു ഭാക്കർ സഖ്യവും അർജുൻ സിങ് ചീമ - ഋതം സാങ് വായി സഖ്യവും ഇന്ന് മത്സരത്തിനിറങ്ങും. പുരുഷൻമാരുടെ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ അർജുൻ ബബൂത്തയും, ഇതേ ഇനത്തിൻറെ വനിതാ വിഭാഗത്തിൽ രമിത ജിൻഡാലും ഫൈനലിൽ മത്സരിക്കുന്നുണ്ട്. ഇന്ത്യയുടെ മെഡൽ കുതിപ്പിന് തുടക്കം കുറിച്ച് ഷൂട്ടിങ്ങിൽ മനു ഭാക്കർ ഇന്നലെ വെങ്കലം നേടിയിരുന്നു. ഇന്നലെ നടന്ന മത്സരങ്ങളിൽ ഇന്ത്യൻ കായിക താരങ്ങൾ പൊതുവെ മികച്ച പ്രകടനമാണ് കാഴ്ച വച്ചത്.

==================================

## DELHI LG – STUDENTS DEATH

സെൻട്രൽ ഡൽഹിയിലെ സിവിൽ സർവീസ് പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിൻറെ അടിത്തട്ടിൽ വെള്ളം കയറി മലയാളി ഉൾപ്പെടെ മൂന്ന് വിദ്യാർത്ഥികൾ മരിച്ചതുമായി ബന്ധപ്പെട്ട് 5 പേരെ പോലീസ് അറസ്റ്റ് ചെയ്തു. പരിശീലന കേന്ദ്രം ഉടമ ഉൾപ്പെടെ 7 പേരാണ് നിലവിൽ അറസ്റ്റിലായത്.
ജെ.എൻ യു ഗവേഷണ വിദ്യാർത്ഥിയായ എറണാകുളം സ്വദേശി നവീൻ ഡെൽവിനാണ് മരിച്ച മലയാളി.

==================================

## NCW-DELHI STUDENT DEATH

ന്യൂഡൽഹി കോച്ചിംഗ് സെൻറർ ദുരന്തത്തിൽ
ദേശീയ വനിതാ കമ്മീഷൻ ഇടപെട്ടു. അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിനുള്ള പരാതികൾ അവഗണിച്ചെന്ന ആരോപണങ്ങൾ ആശങ്കാജനകമാണെന്ന് വനിതാ കമ്മീഷൻ

സമൂഹമാധ്യമത്തിലൂടെ അഭിപ്രായപ്പെട്ടു. വിഷയത്തിൽ അടുത്ത മാസം രണ്ടിന് വാദം കേൾക്കുമെന്നും കമ്മീഷൻ അറിയിച്ചു. രാജീന്ദർ നഗർ എം.എൽ.എ ദുർഗേഷ് പതക്കിനോട് കമ്മീഷന് മുന്നിൽ നേരിട്ട് ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

==================================

## KARNATAKA – SEARCH

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിനെ തുടർന്ന് കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തിരച്ചിൽ താത്കാലികമായി നിർത്തിവെച്ചു. ഗംഗാവലിപ്പുഴയിൽ നിലനിൽക്കുന്ന ശക്തമായ അടിയൊഴുക്കും, മതിയായ സാങ്കേതിക സംവിധാനങ്ങൾ ലഭ്യമാകാത്തതുമാണ്, തിരച്ചിലിനു തടസ്സമാകുന്നത്. തിരച്ചിൽ ഉപേക്ഷിക്കരുതെന്നാണ് കുടുംബത്തിന്റെ അഭ്യർത്ഥന. മുഖ്യമന്ത്രി പിണറായി വിജയനും ഇന്നലെ ഇതേ ആവശ്യമുന്നയിച്ച് കർണാടക മുഖ്യമന്ത്രി കെ. സിദ്ദരാമയ്യയ്ക്ക് കത്തയച്ചിരുന്നു. അതേസമയം അർജുനായുള്ള രക്ഷാപ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച നിലയിലെന്ന് എം വിജിൻ എംഎൽഎ പറഞ്ഞു. തൃശൂരിൽ നിന്ന് ഡ്രഡ്ജർ എത്തിക്കാനുള്ള നീക്കം രക്ഷാദൗത്യം അവസാനിപ്പിക്കാൻ വേണ്ടിയായിരുന്നുവെന്നും അദ്ദേഹം ആരോപിച്ചു.

==================================

## INTERNATIONAL TIGER DAY – (INTRO)

ഇന്ന് അന്താരാഷ്ട്ര കടുവ ദിനം. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന കടുവകളുടെ സംരക്ഷണത്തെക്കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും അന്താരാഷ്ട്രതലത്തിൽ കടുവാ ദിനം ആചരിക്കുന്നത്. നിയമവിരുദ്ധമായ വേട്ടയാടൽ, വന്യജീവി കടത്ത്, മനുഷ്യ-വന്യജീവി സംഘർഷം എന്നിവ തടയുന്നതും ഈ ദിനാചരണം ലക്ഷ്യമിടുന്നു. നിലവിൽ ഇന്ത്യയിലെ കടുവകളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുള്ളതായി വേൾഡ് വൈൽഡ് ലൈഫ്

ഫണ്ടിൻറെ  കണക്കുകൾ വ്യക്തമാക്കുന്നു. ലോകത്തിലെ 80 ശതമാനം കടുവകളും ഇന്ത്യയിലാണെന്നാണ് റിപ്പോർട്ട്. അന്താരാഷ്ട്ര കടുവ ദിനത്തെ കുറിച്ച് കോട്ടയം വനം ഡിവിഷനിലെ എരുമേലി ഫോറസ്റ്റ് റേഞ്ച് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എം സുരേഷ് ആകാശവാണിയോട്.......

(വോയിസ്........)

=================================

## RAIN  KERALA

കേരളത്തിൽ വ്യാപക മഴ. തിരുവനന്തപുരം, പാലക്കാട് ഒഴികെയുള്ള 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. തൃശൂർ പത്താഴക്കുണ്ട് അണക്കെട്ട് തുറക്കുന്ന സാഹചര്യത്തിൽ പ്രദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം. മഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരത്ത് പേപ്പാറ, അരുവിക്കര അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തി. ഇരു ഡാമുകളുടേയും സമീപത്ത് താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

=================================

## NATIONAL  EDUCATION  POLICY

കേന്ദ്ര വിദ്യാഭ്യാസ  മന്ത്രാലയവും അഖിൽ  ഭാരതീയ ശിക്ഷ സമാഗമും സംയുക്തമായി ഇന്ന്  ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പാക്കിയതിന്റെ നാലാം വാർഷികം ആഘോഷിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ തൻറെ  അനുഭവങ്ങൾ പങ്കുവെക്കും. ദേശീയ വിദ്യാഭ്യാസ നയം ഫലപ്രദമായി നടപ്പിലാക്കാനാണ് അഖിൽ ഭാരതീയ ശിക്ഷ സമാഗം രൂപകൽപ്പന ചെയ്തത്.

=================================

**SC-ANNIVERSARY**

വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സുപ്രീം കോടതി സംഘടിപ്പിക്കുന്ന പ്രത്യേക ലോക് അദാലത്തിന് ഇന്ന് തുടക്കം. സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ പരിഹരിക്കുക ലക്ഷ്യമിട്ടാണ് അദാലത് സംഘടിപ്പിച്ചിരിക്കുന്നത്. ഒരാഴ്ച നീണ്ടു നിൽക്കുന്ന അദാലത് അടുത്ത മാസം മൂന്നിനാണ് അവസാനിക്കുക. കാര്യക്ഷമവും ചെലവ് കുറഞ്ഞതുമായ രീതിയിൽ തർക്കങ്ങൾ സൗഹാർദ്ദപരമായി പരിഹരിക്കുന്നതിനാണ് പ്രത്യേക ലോക് അദാലത്ത് ഊന്നൽ നൽകുന്നത്.

==================================

**BYE ELECTION**

സംസ്ഥാനത്തെ 49 തദ്ദേശവാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നാളെ. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് മണി വരെയാണ് വോട്ടെടുപ്പ്. വയനാട് ഒഴികെയുള്ള 13 ജില്ലകളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. വോട്ടെണ്ണൽ ബുധനാഴ്ച.

==================================

**CRICKET-INDIA-SRI LANKA**

ശ്രീലങ്കയിൽ നടക്കുന്ന ഇന്ത്യ -ശ്രീലങ്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ. ഇന്നലെ നടന്ന രണ്ടാം മത്സരത്തിൽ ആതിഥേയരെ 7 വിക്കറ്റിന് പരാജയപ്പെടുത്തിയതോടെ മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ 2 വിജയം നേടി ഇന്ത്യ പരമ്പര നേടുകയായിരുന്നു. പരമ്പരയിലെ അവസാന മത്സരം നാളെയാണ്.

==================================

**SC - BIHAR RESERVATION**

ബിഹാറിൽ സർക്കാർ ജോലികളിലും ഉന്നത വിദ്യാഭ്യാസത്തിനും 65 ശതമാനം ജാതി അടിസ്ഥാനത്തിലുള്ള സംവരണം റദ്ദാക്കിക്കൊണ്ടുള്ള പട്ന ഹൈക്കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി. ബിഹാർ സർക്കാർ സമർപ്പിച്ച അപ്പീലുകളിൽ നോട്ടീസ് അയച്ച സുപ്രീംകോടതി, കേസിൽ വാദം കേൾക്കുന്നത് സെപ്റ്റംബറിലേക്ക് മാറ്റി. സംസ്ഥാനത്തെ സർക്കാർ ജോലികളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണം 50 ശതമാനത്തിൽ നിന്ന് 65 ശതമാനമായി ഉയർത്തിയ ബിഹാർ സർക്കാരിൻറെ വിജ്ഞാപനമാണ് പാറ്റ്ന ഹൈക്കോടതി കഴിഞ്ഞ മാസം റദ്ദാക്കിയത്.

==================================

==================================

==================================